# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5069** **30/06/2014 ൽ മറുപടിക്ക്**

**മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവർക്കെതിരെയുള്ള അഴിമതി ആരോപണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.ദാസൻ :** | **ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാരിന്റെ കാലയളവിൽ മുഖ്യമന്ത്രിക്കെതിരായോ മുഖ്യമന്ത്രിയുടെ ഓഫീസിനെതിരായോ അഴിമതി ആരോപണങ്ങളും മറ്റ് ആരോപണങ്ങളും ഉയർന്നു വന്നിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) ബഹു.മുഖ്യമന്ത്രിക്കെതിരായി ആരോപണങ്ങൾ ഉയർന്ന് വന്നിട്ടില്ല. എന്നാൽ മുഖ്യമന്ത്രിയുടെ ഓഫീസിനെതിരായി അഴിമതി ആരോപണങ്ങൾ ഉയർന്ന് വന്നിട്ടുണ്ട്.<br><br>മുഖ്യമന്ത്രിയുടെ ഓഫീസിൽ ജോലി ചെയ്തിരുന്ന ശ്രീ.ടെന്നിജോപ്പൻ പത്തനംതിട്ട ജില്ലയിലെ കോന്നി.പി.എസിൽ ക്രൈം നം.656/13 U/s.420,34 IPC കേസിൽ പ്രതിയായി നിയമ നടപടി നേരിടുന്നു.<br><br>മുഖ്യമന്ത്രിയുടെ ഗൺമാനായിരുന്ന സലിംരാജിനെതിരെ വർക്കല പി.എസിൽ Cr.PC 47/07 U/s.419, 465, 468 & 34 IPC ആയും കളമശ്ശേരി പി.എസിൽ ക്രൈം നം.1646/13 U/s.468,471,511 of 420 IPC ആയും ഓച്ചിറ പോലീസ് സ്റ്റേഷനിൽ Crime No.1304/13 U/s.57 of KP Act ആയും ചേവായൂർ PS Crime No.560/13 U/s.143, 147, 341, 323, 506 (1), 511 of 365 r/w 149 IPC ആയും കല്ലമ്പലം PS Crime No.1354/13 U/s. 465, 467, 420, & 34 IPC ആയും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>കളമശ്ശേരി PS ൽ രജിസ്റ്റർ ചെയ്തിരുന്ന Crime No.1646/13 U/s.468, 471, 511 of 420 IPC കേസ് ഇപ്പോൾ സി.ബി.ഐ അന്വേഷിച്ചുവരുന്നു. |
| (ബി) ആരോപണ വിധേയരായവർ ആരെങ്കിലും കുറ്റക്കാരല്ലെന്ന് തെളിയിച്ചിട്ടുണ്ടോ ; | (ബി) ഇതു സംബന്ധിച്ച് അന്വേഷണം നടന്നുവരുന്നതേയുള്ളൂ. |
| (സി) മന്ത്രിസഭയിലെ ഏതെല്ലാം മന്ത്രിമാർക്ക് എതിരെ അഴിമതി ആരോപണങ്ങൾ ഉയർന്ന് വന്നിട്ടുണ്ട് എന്ന് വിശദമാക്കുമോ ; | (സി) ഈ മന്ത്രിസഭയിലെ മന്ത്രിമാരായ ശ്രീ.പി.കെ.അബ്ദുറബ്ബ്, ശ്രീ.എം.കെ.മുനീർ, ശ്രീ.കെ.എം.മാണി, ശ്രീ.അനൂപ് ജേക്കബ്ബ്, ശ്രീ.കെ.പി.മോഹനൻ, ശ്രീ.പി.ജെ.ജോസഫ് എന്നിവർക്കെതിരെ ഈ സർക്കാരിന്റെ കാലയളവിൽ ഉയർന്നുവന്ന ആരോപണങ്ങളുടെ പേരിൽ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഈ സർക്കാരിന്റെ ധനമന്ത്രിക്കെതിരെ അഴിമതി ആരോപണം ഉയർന്ന് വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് ടെലിവിഷൻ ചാനലുകളിൽ വന്ന ദൃശ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | നെല്ലിയാമ്പതിയിലെ വിവിധ എസ്റ്റേറ്റുകൾ പാട്ടത്തിന് നൽകിയതിലെ ക്രമക്കേടുകൾ സംബന്ധിച്ച് ധനമന്ത്രി ശ്രീ.കെ.എം.മാണിക്കെതിരെ ഉയർന്നുവന്ന ആരോപണത്തിന്റെ പേരിൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടത്തുകയും, അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ടുകൾ കോടതിയിൽ സമർപ്പിക്കുകയും ചെയ്തു. |
| (ഇ) | മന്ത്രിമാർക്കെതിരെ അഴിമതി ആരോപണങ്ങൾ വന്നാൽ സത്യസന്ധത തെളിയിക്കാൻ സ്വീകരിക്കാവുന്ന മാർഗ്ഗങ്ങൾ എന്തൊക്കെ; വിശദമാക്കാമോ ; | (ഇ) യും (എഫ്) ഉം | ഇത്തരം വിഷയത്തിൽ നിഷ്പക്ഷവും നീതിപൂർവ്വകവുമായ അന്വേഷണങ്ങളിലൂടെ നിജസ്ഥിതി കണ്ടെത്തി അനന്തര നടപടി കൈക്കൊള്ളുന്നു. |
| (എഫ്) | അഴിമതി ആരോപണങ്ങളും മറ്റ് തരത്തിലുള്ള ആരോപണങ്ങളും സംബന്ധിച്ച് ഈ സർക്കാർ സ്വീകരിച്ച നിലപാട് വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ